# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1308 04/02/2019-ൽ മറുപടിയ്ക്ക്

## സ്കൂളുകളിൽ കലാകായിക സാംസ്കാരിക പാർക്കുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ**<br>**,, കെ.എൻ.എ ഖാദർ**<br>**,, മഞ്ഞളാംകുഴി അലി**<br>**,, വി.കെ.ഇബ്രാഹിം കുഞ്ഞ്** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നതിലേക്കായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) കായിക രംഗത്തെ വളർച്ചയ്ക്കായി ഗെയിംസ് വിഭാഗത്തിൽ 18 ഇനങ്ങൾ പുതിയതായി ഉൾപ്പെടുത്തുകയും കേരള സ്കൂൾ സ്പോർട്സ് മാന്വവൽ പരിഷ്കരിക്കുകയും ചെയ്തു.<br>കേരള സ്കൂൾ കലോത്സവത്തിൽ നാല് മത്സരയിനങ്ങൾ കൂടി ആൺ/പെൺ വിഭാഗം തിരിച്ച് നടത്തുകയും കേരള സ്കൂൾ കലോത്സവ മാന്വവൽ പരിഷ്കരിക്കുകയും ചെയ്തു<br>കലാ-കായിക-പ്രവൃത്തിപരിചയ അദ്ധ്യാപകരുടെ 2685 താൽക്കാലിക തസ്തികകൾ എം.എച്ച്.ആർ.ഡി അനുവദിച്ച് നൽകുകയും ഇവരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ കലാകായിക അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഫണ്ട് വകയിരുത്തുകയും പരിശീലനം നൽകി വരികയും ചെയ്യുന്നു. കലാ-കായിക-സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചു. |

(ബി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഓരോ സ്കൂളിൽ വീതം കലാ-കായിക സാംസ്കാരിക പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ്; ഇതിനായി കഴിഞ്ഞ ബജറ്റിൽ വകയിരുത്തിയ തുകയെത്രയെന്നും ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ?

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ കലാ-കായിക സാംസ്കാരിക പാർക്കുകൾ നിർമ്മിക്കുന്നതിന് 700 ലക്ഷം രൂപ 4202-01-202-83(പി) എന്ന ശീർഷകത്തിൽ വകകൊള്ളിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഒരു ജില്ലയിൽ ഒരു വിദ്യാലയത്തിന് 50 ലക്ഷം രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകുകയുമുണ്ടായി. എന്നാൽ സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ 2018-19 സാമ്പത്തിക വർഷത്തിലെ പദ്ധതിയിനത്തിൽ നിന്നും ഈ പദ്ധതിയുടെ തുക കുറവു ചെയ്യേണ്ടി വരികയും പദ്ധതി മുന്നോട്ട് കൊണ്ടു പോകുവാൻ സാധിക്കാതെ വരികയും ചെയ്തു.

Reena

സെക്ഷൻ ഓഫീസർ